# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

| | |
|---|---|
| ഏപ്രിൽ 04<br>APRIL 04 | 2019 |

*1194 മീനം 21* വ്യാഴം

## പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

### ലോക്സഭ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് ജില്ലയിൽ 625 വാഹനങ്ങൾ

ലോക്സഭ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് ജില്ലയിൽ 625 വാഹനങ്ങൾ ഉപയോഗപ്പെടുത്തും. ഇവയിൽ സ്വകാര്യ വാഹനങ്ങളും സർക്കാർ വാഹനങ്ങളും ഉൾപ്പെടും. ബസ്, മിനിബസ്, ജീപ്പ്, ലോറി, ട്രക്ക്, റിക്കവറി വാൻ, ബോട്ട്, ഇന്നോവ കാർ എന്നിവയാണ് വാഹനങ്ങൾ. വാഹനങ്ങളുടെ ഏകോപന ചുമതല കാസർകോട് ആർടിഒയും ട്രാൻസ്പോർട്ട് മാനേജ്മെന്റ് നോഡൽ ഓഫീസറുമായ അബ്ദുൾ ഷുക്കൂറിനാണ്.

ജില്ലയിലെ തെരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരെ വിതരണ കേന്ദ്രങ്ങളിൽ നിന്ന് ബൂത്ത്കളിലേക്ക് എത്തിക്കുന്നതിനും തെരഞ്ഞെടുപ്പ് സാധന സാമഗ്രികൾ ജില്ലയിലെ വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനുമാണ് ഇത്രയും വാഹനങ്ങൾ. സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ജില്ലയുടെ വിവിധ ഭാഗങ്ങളി

ലേക്ക് എത്തിചേരുന്നതിനും ഈ വാഹനങ്ങൾ ഉപയോഗിക്കാം. ജില്ലാ പോലിസ് കാര്യാലയത്തിന് തെരഞ്ഞെടുപ്പ് ഉപയോഗത്തിന് വേണ്ടി 38 ബസും 29 മിനിബസും 97 ജീപ്പും 8 ലോറിയും ട്രക്കും ഓരോ റിക്കവറി വാനും ബോട്ടുമാണ് നിലവിൽ അനുവദിച്ചത്.

നിയമസഭ മണ്ഡല അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് ഉപയോഗത്തിന് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്. കാസർകോട് നിയോജക മണ്ഡലത്തിന് 77 വാഹനങ്ങളും ഉദുമ മണ്ഡലത്തിന് 65 ഉം കാഞ്ഞങ്ങാട് മണ്ഡലത്തിന് 90 ഉം തൃക്കരിപ്പൂർ മണ്ഡലത്തിന് 92 ഉം മഞ്ചേശ്വരം മണ്ഡലത്തിന് 95 ഉം വാഹനങ്ങളാണ് അനുവദിച്ചിട്ടുള്ളത്. റിസർവായി 32 വാഹനങ്ങൾ സൂക്ഷിക്കും. തൃക്കരിപ്പൂർ മണ്ഡലത്തിൽ മാത്രമാണ് തെരഞ്ഞെടുപ്പിന് വേണ്ടി രണ്ട് ബോട്ട് ഉപയോഗിക്കുന്നത്

## ജില്ലയിൽ താപനില 3 ഡിഗ്രിവരെ കൂടും;<br>സൂര്യാഘാത, സൂര്യതാപ മുന്നറിയിപ്പ് തുടരുന്നു

കാസർകോട്, കണ്ണൂർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് (എപ്രിൽ 5) ഉയർന്ന താപനില ശരാശരിയിൽ നിന്നും രണ്ടു മുതൽ മൂന്നു ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ സാഹചര്യത്തിൽ സൂര്യാഘാതം ഒഴിവാക്കുവാൻ പൊതുജനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ നേരിട്ട് സൂര്യപ്രകാശം എൽക്കുന്നത് ഒഴിവാക്കണം.
- നിർജലീകരണം തടയാൻ കുടിവെള്ളം കുപ്പിയിൽ കരുതുക.
- രോഗങ്ങൾ ഉള്ളവർ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം.
- പരമാവധി ശുദ്ധജലം കുടിക്കുക. കാപ്പി, ചായ എന്നിവ പകൽ സമയത്ത് ഒഴിവാക്കുക.
- അയഞ്ഞ, ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക.
- കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- അതീവ ജാഗ്രത മുന്നറിയിപ്പ് നിലനിൽക്കുന്ന ദിവസങ്ങളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ അവധിക്കാല ക്ലാസുകൾ ഒഴിവാക്കണം.

- അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.
- പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗങ്ങളാൽ അവശത അനുഭവിക്കുന്നവർ പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരക്കാർക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പുലർത്തണം.
- തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാനുള്ള സാധ്യത മുൻനിർത്തി സൂര്യപ്രകാശം നേരിട്ട് എൽക്കേണ്ടി വരുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് തൊഴിൽ സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത് തൊഴിൽദാതാക്കൾ പാലിക്കണം.
- മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്തു കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.
- തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഏർപ്പെട്ട രാഷ്ട്രീയ പ്രവർത്തകരും ഈ നിർദേശങ്ങൾ പാലിക്കണം

തുടർന്നുള്ള ദിവസങ്ങളിലും ചൂട് ശരാശരിയിൽ നിന്നും ഉയർന്ന നിലയിൽ തുടരുവാനാണ് സാധ്യത.

**ഫോട്ടോ അടിക്കുറിപ്പ്:** (ഹീറ്റ് ഇൻഡെക്സ്):കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച ഏപ്രിൽ എട്ടുവരെയുള്ള താപ സൂചിക (Heat Index)

## കളക്ടറുടെ സന്ദർശനം നവ്യാനുഭവമായി; ആവേശത്തോടെ വിദ്യാർത്ഥികളും നാട്ടുകാരും.

സ്കൂൾ വാർഷിക ഉദ്ഘാടനത്തിന് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു എത്തിയത് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും നവ്യാനുഭവമായി. മുട്ടുന്തല എ എൽ പി സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയുടെ ഉദ്ഘാടകനായാണ് ജില്ലാ കളക്ടർ എത്തിയത്. കഴിഞ്ഞ 42 വർഷമായി വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന് നൽകിക്കൊണ്ടിരിക്കുന്ന വിദ്യാലയത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു ജില്ലാ കളക്ടർ സ്കൂൾ സന്ദർശിക്കുന്നത്. വാർഷികാഘോഷ പരിപാടിയിൽ സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ അഹമ്മദ് മമ്മു ഹാജി അദ്ധ്യക്ഷത വഹിച്ചു. ഹരിത

കേരളം മിഷൻ ജില്ലാ കോഡിനേറ്റർ എം.പി.സുബ്രഹ്മണ്യൻ, രാജാ രവിവർമ്മ ചിത്രകലാ അവാർഡ് ജേതാവ് രാജേന്ദ്രൻ പുല്ലൂർ, അബ്ദുൾ റഹ്മാൻ ഹാജി സൺലൈറ്റ്, ഡോ. നിസാം ഫലാഹ്, ഹാജിറ അഷറഫ് എന്നിവർ മുഖ്യാതിഥികളായി. പ്രധാനാദ്ധ്യാപിക ഗീത റിപ്പോർട്ട് അവതരിപ്പിച്ചു.

## പ്രവേശന പരീക്ഷ നാളെ

പെരിയ ജവഹർ നവോദയ വിദ്യാലയത്തിൽ അടുത്ത അധ്യയന വർഷത്തിലെ ആറാം ക്ലാസിലേക്കുള്ള പ്രവേശന പരീക്ഷ നാളെ ( ഏപ്രിൽ 06) ജില്ലയിലെ വിവിധ കേന്ദ്രത്തിൽ നടത്തും. ഇതുവരെയും അഡ്മിറ്റ് കാർഡ് ലഭിക്കാത്തവർ നവോദയ വിദ്യാലയവുമായി ബന്ധപ്പെടുക. ഫോൺ:04672234057

## സൗജന്യ കാർഷിക വൈദ്യുതി

കാസർകോട് നഗരസഭാ പരിധിയിലെ സൗജന്യ കാർഷിക വൈദ്യുതി ഗുണഭോക്താക്കൾ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിന് ഏറ്റവും ഒടുവിലെ കറന്റ് ബിൽ സഹിതം അപേക്ഷ നൽകി രജിസ്ട്രേഷൻ ഏപ്രിൽ 20നകം കൃഷിഭവനിൽ പുതുക്കണം. അല്ലാത്തവരുടെ ആനുകൂല്യം ഇനിയൊരു അറിയിപ്പുകൂടാതെ നിഷേധിക്കും. കൂടുതൽ വിവരങ്ങൾക്ക് 9383472310

## കാന്റീൻ നടത്തിപ്പിന് അപേക്ഷിക്കാം

പെരിയ ഗവർമെന്റ് പോളിടെക്നിക് കോളേജിലുള്ള കോളേജ് കാന്റീൻ അടുത്ത ഒരു വർഷത്തേക്ക് നടത്തുവാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 29. ഫോൺ 8606596126.

## വർക്കിംഗ് ക്യാമ്പ് സംഘടിപ്പിക്കും

തിരുവനന്തപുരത്തെ പ്രശസ്തമായ സിവിൽ സർവീസ് കോച്ചിങ് സ്ഥാപനമായ ശേഷൻസ് അക്കാദമി വിമുക്തഭടന്മാർക്കും ആശ്രിതർക്കും പുനരധിവാസത്തിനായി പ്രത്യേകം സിവിൽ സർവീസ് കോച്ചിംഗ് നടത്തും. ഇതിന്റെ പ്രചരണാർത്ഥം

ഏപ്രിൽ 24 മുതൽ 27 വരെ വിരമിച്ച പ്രഗൽഭരായ സീനിയർ ഐ.എ.എസ് ഉദ്യോഗസ്ഥന്മാർ നയിക്കുന്ന വർക്കിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ജില്ലാ സൈനിക ക്ഷേമ ഓഫീസിലോ, ശേഷൻസ് അക്കാദമി മാനേജിംഗ് ഡയരക്ടരുടെ 9342812622 എന്ന നമ്പരിലോ രജിസ്റ്റർ ചെയ്യണം.

## എട്ട്,പത്ത് ക്ലാസുകളിലേക്ക് പ്രവേശനം

കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെൺകുട്ടികൾ മാത്രം താമസിച്ചു പഠിക്കുന്ന ജി ആർ എഫ് ടി എച്ച് എസ് ഫോർ ഗേൾസ് സ്കൂളിലെ അടുത്ത അധ്യായന വർഷത്തേക്ക് എട്ട്,പത്ത് ക്ലാസിലേക്ക് അംഗീകൃത മത്സ്യത്തൊഴിലാളികളുടെ പെൺമക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറത്തിനായി സ്കൂളുമായി ബന്ധപ്പെടണം. ഫോൺ നമ്പർ 0467 2203946

**തുടരും.........**

.